പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 721 20.3.2013-ലെ മറുപടിക്ക്

മാനസിക ആരോഗ്യ ചികിത്സ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. രാജു | | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ വർദ്ധിച്ചു വരുന്ന മാനസിക ദൗർബല്യ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എല്ലാ പ്രാഥമിക ചികിത്സാ കേന്ദ്രങ്ങളിലും മാനസിക ആരോഗ്യ വിഭാഗം സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; | എ) | 13 താലൂക്ക് ആശുപത്രികളിൽ മാത്രമേ ഇപ്പോൾ മാനസികാരോഗ്യ ചികിത്സാ സൗകര്യം ലഭ്യമാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. ജില്ലാ ആശുപത്രികളിലെ മനോരോഗ ചികിത്സാ വിഭാഗം വിപുലീകരിച്ചതിനും താലൂക്ക് തലത്തിൽ മാനസികരോഗ ചികിത്സാ സൗകര്യം ലഭ്യമാക്കിയതിനും ശേഷം, പരിശീലനം സിദ്ധിച്ച മനോരോഗ ചികിത്സകരുടെ ലഭ്യതയ്ക്ക് അനുസൃതമായി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കാര്യം പരിഗണിക്കാവുന്നതാണ്. |
| ബി) പി . എച്ച് . സി കൾ മുതൽ ജില്ലാ ആശുപത്രി വരെയുള്ള എല്ലാ ഡോക്ടർമാർക്കും മാനസിക ആരോഗ്യ ചികിത്സാ പരിശീലനം നൽകുന്നതിനുള്ള വിശദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ ? | ബി) | സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന്റെ കീഴിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹ്യാരോഗ്യ കേന്ദ്രം (സി.എച്ച്.സി) താലൂക്ക് ആശുപത്രികൾ എന്നിവയിലെ ഡോക്ടർമാർക്ക് ആവശ്യമായ മാനസികാരോഗ്യ ചികിത്സാ പരിശീലനം ജില്ലാ മാനസികാരോഗ്യ പരിപാടി വഴിയും സാമൂഹ്യാരോഗ്യ പരിപാടി വഴിയും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ